## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 627 — 09-07-2013 ൽ മറുപടിക്ക്

### വ്യാജമദ്യ നിർമ്മാണം

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.ബാബു.എം.പാലിശ്ശേരി<br>ശ്രീ.പി.കെ.ഗുരുദാസൻ<br>ശ്രീ.ബി.സത്യൻ<br>ശ്രീ.സി.കൃഷ്ണൻ | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യാജമദ്യ നിർമ്മാണം വ്യാപിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | വ്യാജമദ്യ നിർമ്മാണ കേന്ദ്രങ്ങളെക്കുറിച്ച് അന്വേഷിക്കുമോ; വ്യാജമദ്യം നിർമ്മിക്കാനുള്ള സ്പിരിറ്റിന്റെ സ്രോതസ്സുകൾ കണ്ടെത്താൻ സാദ്ധ്യമായിട്ടുണ്ടോ; | (ബി) | ഇക്കാര്യത്തിൽ അന്വേഷണം നടത്തി വരികയാണ്. |
| (സി) | ഒരു ലിറ്റർ അംഗീകൃത വിദേശമദ്യത്തിനു പകരം വ്യാജമദ്യം നിർമ്മിച്ച് വിൽക്കുന്നത് വഴി സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം എത്രയാണ്; വിശദമാക്കുമോ; | (സി) | ഒരു ലിറ്റർ അംഗീകൃത വിദേശമദ്യത്തിനു പകരം വ്യാജമദ്യം വിൽപ്പന നടത്തിയാൽ, സർക്കാരിന്, എക്സൈസ് ഡ്യൂട്ടിയും, വിൽപ്പന നികുതിയും ഉൾപ്പെടെ ലഭിക്കുന്ന തുക നഷ്ടമാകുന്നതാണ്. അംഗീകൃത വിദേശമദ്യത്തിന്റെ വില, ബ്രാൻഡുകളനുസരിച്ച് വ്യത്യസ്തമാകയാൽ, സാമ്പത്തിക നഷ്ടം കൃത്യമായി കണക്കാക്കാൻ കഴിയുന്നതല്ല. |
| (ഡി) | അംഗീകൃത ബാറുകൾ വഴി വ്യാജമദ്യം അനധികൃതമായി വിൽപ്പന നടത്തുന്നതായി അറിയാമോ; | (ഡി) | ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | വ്യാജമദ്യ നിർമ്മാണ - വിതരണ ലോബിയും അധികൃതരിൽ ഒരു വിഭാഗവും തമ്മിലുള്ള ബന്ധവും അതുവഴിയുള്ള വ്യാജമദ്യ വ്യാപനവും നികുതി നഷ്ടവും ചെറുക്കാൻ തയ്യാറാകുമോ? | (ഇ) | വ്യാജമദ്യ നിർമ്മാണ - വിതരണ ലോബിയും അധികൃതരും തമ്മിൽ ബന്ധമുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ, അപ്രകാരമുള്ള ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ, വ്യാജമദ്യ വിൽപ്പനയും നികുതി നഷ്ടവും ചെറുക്കാനും കർശന നടപടികൾ സ്വീകരിക്കുന്നതാണ്. വ്യാജമദ്യ ലോബിയുമായി ബന്ധമുണ്ട് എന്ന് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ഐ.പി.കെ. രാജൻ എന്ന എക്സൈസ് ഉദ്യോഗസ്ഥനെ അബ്കാരി കേസ്സിൽ പ്രതി ചേർത്ത് അറസ്റ്റ് ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ